**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ്** – നേമം ബ്ലോക്ക് പഞ്ചായത്ത് 2011-12 വർഷത്തിൽ ഓണം വാരാഘോഷത്തിന്റെ സമാപന ഘോഷയാത്രയിൽ ഫ്ളോട്ട് അവതരിപ്പിച്ചതുമായി ബന്ധപ്പെട്ട് 35,000/- രൂപ (രൂപ മുപ്പത്തയ്യായിരം) അധികമായി ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

==============================================================

**തദ്ദേശ സ്വയം ഭരണ (എ.സി) വകുപ്പ്**

സ.ഉ.(സാധാ)നം.259/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 29-01-2018

---

പരാമർശം:- 1) 18/08/2011 ലെ സ.ഉ (സാധാ) 256/11/ടൂറിസം നമ്പർ സർക്കാർ ഉത്തരവ്

2) നേമം ബ്ളോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 07/10/2014 ലെ 6(4):ാം നമ്പർ തീരുമാനം

3) ഗ്രാമ വികസന കമ്മീഷണറുടെ 19/11/2011 ലെയും ,29/05/2017 ലെയും 21991/ഡി.പി4/14 നം കത്തും, അനുബന്ധ രേഖകളും

**ഉത്തരവ്**

2011 -12 ലെ ഓണം വാരാഘോഷത്തിന്റെ സമാപന ഘോഷയാത്രയിൽ ഫ്ലോട്ടുകൾ അവതരിപ്പിക്കുന്നതിന് വിവിധ വകുപ്പുകൾക്കും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ചെലവഴിക്കാവുന്ന പരമാവധി തുക നിശ്ചയിച്ച് കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 45,000/- രൂപയും ഗ്രാമപഞ്ചായത്തുകൾക്ക് 37,500/- രൂപയും മാത്രമേ പരമാവധി ചെലവഴിക്കാൻ കഴിയുകയുള്ളൂ. നേമം ബ്ലോക്ക് പഞ്ചായത്ത്, തനത് വിഹിതമായി 40,000/- രൂപയും ,ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ഗ്രാമപഞ്ചാത്തുകളിൽ നിന്നും 1,30,000 രൂപ വിഹിതവും പ്രതീക്ഷിച്ച് 1,75,000/- രൂപയുടെ ഫ്ലോട്ട് അവതരിപ്പിക്കുകയുണ്ടായി.എന്നാൽ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 1,30,000/- രൂപ വിഹിതമായി ലഭിക്കേണ്ടിയിരുന്നിടത്ത് 95,000/- രൂപ മാത്രമേ ലഭ്യമായുള്ളൂ. ഇങ്ങനെ ഗ്രാമപഞ്ചായത്തുകളുടെ വിഹിതത്തിൽ കുറവ് വന്നതായ 35,000/- രൂപ , ബ്ലോക്ക് പഞ്ചായത്ത് തന്നെ വഹിക്കുകയും അത് വഴി ആകെ ബ്ലോക്ക് പഞ്ചായത്ത് ചെലവ് ,അനുവദനീയമായ 45,000/- രൂപയിൽ നിന്നും 35,000/- രൂപ വർദ്ധിച്ച്, 80,000 രൂപയിലെത്തുകയും ചെയ്തു. നേമം ബ്ലോക്ക് പഞ്ചായത്ത് അനുവാദമില്ലാതെ അധികമായി ചെലവഴിച്ച 35,000/- രൂപ ലോക്കൽ ഫണ്ട് ഓഡിറ്റ് തടസ്സപ്പെടുത്തുകയും അധികമായി ചെലവഴിച്ച തുകയ്ക്ക് സർക്കാർ സാധൂകരണം വാങ്ങേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്യുകയുണ്ടായി .

2) ഗ്രാമപഞ്ചായത്തിൽ നിന്നും പ്രതീക്ഷിച്ച വിഹിതം ലഭ്യമാകാതെ പോയതിനാലാണ്, ബ്ലോക്ക് പഞ്ചായത്ത് തന്നെ പ്രസ്തുത തുക ചെലവഴിക്കേണ്ട അടിയന്തിര സാഹചര്യം ഉണ്ടായതെന്നും, ചെലവിന് സാധൂകരണം നൽകണമെന്നും ബ്ലോക്ക് പഞ്ചായത്ത് പരാമർശം (2) പ്രകാരം സർക്കാരിനോട് അപേക്ഷിക്കുകയും , സാധൂകരണം നല്കാവുന്നതാണെന്ന് പരാമർശം (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

3) സർക്കാർ ഈ വിഷയം പരിശോധിച്ചു. ഓണം വാരാഘോഷത്തിന്റെ സമാപന ഘോഷയാത്രയിൽ ഫ്ലോട്ട് അവതരിപ്പിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് 45,000/- രൂപ (രൂപ നാൽപ്പത്തയ്യായിരം )വരെയും ഗ്രാമപഞ്ചായത്തിന് 32,500 രൂപ (രൂപ മുപ്പത്തിരണ്ടായിരത്തി അഞ്ഞൂറ്) വരെയും ചെലവഴിക്കാൻ പരാമർശം (1) പ്രകാരം നൽകിയ അനുവാദം യഥേഷ്ടാനുമതി (Permissive sanction) മാത്രമാണ് എന്നതിനാലും ബ്ലോക്ക് പഞ്ചായത്ത് തുക ചെലവഴിച്ചതിൽ മറ്റു ക്രമക്കേടുകൾ ഒന്നും ഓഡിറ്റ് ചൂണ്ടിക്കാണിക്കാത്തതിനാലും ,ഭാവിയിൽ ലഭ്യമായ വിഭവങ്ങൾക്കുള്ളിൽ നിന്ന് മാത്രം ചെലവ് ചെയ്യാൻ ശ്രദ്ധിക്കണമെന്ന കർശന നിർദ്ദേശത്തോടെ, 2011-12 വർഷത്തിൽ ഓണം വാരാഘോഷത്തിന്റെ സമാപന ഘോഷയത്രയിൽ ഫ്ലോട്ട് അവതരിപ്പിച്ചതുമായി ബന്ധപ്പെട്ട് നേമം ബ്ലോക്ക് പഞ്ചായത്ത് അധികമായി 35,000 രൂപ (രൂപ മുപ്പത്തയ്യായിരം) ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**വി.എസ് സന്തോഷ്**
അണ്ടർ സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
സെക്രട്ടറി, നേമം ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ് ഭവൻ, നന്തൻകോട് ,തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ് , തിരുവനന്തപുരം
(സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ